കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

www.lfa.kerala.gov.in

e-mail: dopkd.ksad@kerala.gov.in

Phone – 04912520145

# നെന്മാറ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി125/403/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഇ-മെയിൽ-dopkd.ksad@kerala.gov.in

ഫോൺ 0491-2520145

തീയതി : 06.05.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

**നെന്മാറ** ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം :**

**നെന്മാറ** ബ്ലോക്ക് പഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **നെന്മാറ** ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച

ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997, കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസി. ഡെവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി25/403/2020 തീയതി -06.05.2020

**പാലക്കാട് ജില്ലയിലെ നെന്മാറ ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ **നെന്മാറ** ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-05-2019 മുതൽ 9-2-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എം.ആർ.സുനിൽ ദത്ത്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-2-20 മുതൽ 19-2-20 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.സുമേഷ്.എൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുസ്മിത.കെ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സരിത.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.വി. രാമകൃഷ്ണൻ | 01-04-18 മുതൽ 31-03-19വരെ |
| സെക്രട്ടറി (i/c) | ശ്രീ. പി.ആർ ഷിനോദ് | 1-4-18 മുതൽ 7.7.18 വരെ |
| | ശ്രീ.എസ്.മണികണ്ഠൻ | 8.7.18 മുതൽ 21.7.18 വരെ |
| " | ശ്രീമതി.മിനി.പി.എസ് | 22.7.18 മുതൽ 10.8.18 വരെ |
| " | ശ്രീ.ശശികുമാർ.കെ | 11.8.18 മുതൽ 31.3.19 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.ശോഭ | 01-04-2018 മുതൽ 13-09-2018 വരെ |
| | ശ്രീമതി.ഗിരിജ.സി | 14.9.18 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.സി.ബി.മനോജ് കുമാർ | 01-04-2018 മുതൽ 31-3-2019 വരെ |
| സൂപ്രണ്ട്-സി.എച്ച്.സി | ഡോ.ജോവിൻ ജോസ് | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രോജക്ട് ഓഫീസർ ഐ.സി.ഡി.എസ്- | ശ്രീമതി.എ.ജി.കുമാരി | 01-04-2018 മുതൽ 31- |

| | | |
|---|---|---|
| | | 03-2019 വരെ |
| ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, | ശ്രീ.മണികണ്ഠൻ | 01-4-2018 മുതൽ 31-03-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുരേഷ്കുമാർ.എ | 01-04-2018മുതൽ 9-11-2018 വരെ |
| | ശ്രീ.ജയപ്രകാശ്.സി | 10-11-2018 മുതൽ 21.1.19 വരെ |
| | ശ്രീമതി.രശ്മി.ജെ | 22.1.19 മുതൽ 31-03-2019 വരെ |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. അതുൽ.ആർ | 01-4-2018 മുതൽ 31-03-2019 വരെ |
| സീനിയർ വെറ്റിനറി സർജൻ | ഡോ.ബിജു.ബി | 01-4-2018 മുതൽ 31-03-2019 വരെ |

## ഉള്ളടക്കം

## ഭാഗം 1

## ഓഡിറ്റ് റിപ്പോർട്ട്

### ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-8 |
| 9 | പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്തിയില്ല – ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം | 1-9 |

| | | |
|---|---|---|
| 10 | കുഴൽ കിണറുകളിൽ മോട്ടോറുകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി ജല ലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്തി സ്റ്റേജ് നിശ്ചയിക്കേണ്ടതാണ്. | 1-10 |
| 11 | പദ്ധതി ഫണ്ട് ഉത്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്. | 1-11 |
| 12 | കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്ര പദ്ധതികളായി വിഭാവനം ചെയ്ത് നടപ്പാക്കേണ്ടതാണ്. | 1-12 |
| 13 | സ്പിൽ ഓവർ പ്രൊജക്ട് – സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പൂർത്തീകരിക്കാതെ തുടരുന്നു. | 1-13 |
| 14 | ടെണ്ടർ ഫോറം ഇനത്തിൽ ലഭിച്ച തുക 431094 ബ്ലോക്ക് പഞ്ചായത്തിന് കൈമാറാൻ അവശേഷിക്കുന്നു. | 1-14 |
| 15 | ഇഷ്ടിക നിർമ്മാണ യൂണിറ്റ് വിഹിതം – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-15 |
| 16 | നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ കുട്ടികളുടെ പാർക്ക് നിർമ്മിക്കൽ പദ്ധതി – നടപടിക്രമം പാലിച്ചില്ല. | 1-16 |
| 17 | റോഡ് നിർമ്മാണ പദ്ധതികൾക്ക് വിഹിതം നൽകൽ – നടപടിക്രമം പാലിച്ചില്ല. | 1-17 |
| 18 | സ്വകാര്യ സ്ഥാപനത്തിന് കെട്ടിട നിർമ്മാണത്തിന് പദ്ധതി തുക അനുവദിച്ചത് ക്രമപ്രകാരമല്ല. | 1-18 |
| 19 | പുല്ലുകാട് എസ്.ടി കോളനി വൈദ്യുതി എത്തിക്കൽ പദ്ധതി | 1-19 |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 21 | പി.എം.എ.വൈ പദ്ധതി – ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. | 1-21 |
| 22 | സ്വയംതൊഴിൽ സംരംഭം – 1.25 ലക്ഷം രൂപ അധിക സബ്സിഡി നൽകി. | 1-22 |
| 23 | ലൈഫ് പദ്ധതി – വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 24 | വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-24 |
| 25 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് നാളിതുവരെ പ്രവർത്തനക്ഷമമായില്ല. | 1-25 |
| 26 | പഠനമുറി – നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. | 1-26 |
| 27 | ഭിന്നശേഷിക്കാർക്കായുള്ള സ്കോളർഷിപ്പ് പദ്ധതി – നൽകിയ തുകകളുടെ വിനിയോഗ വിവരം ഉറപ്പുവരുത്തിയിട്ടില്ലമരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം - അവലോകനം | 1-27 |

## ഭാഗം-II

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

-ഒന്നുമില്ല-

ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

-ഒന്നുമില്ല-

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. പത്രികകൾ

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

19/03/2018 തീയതിയിലെ 3(1) തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു.

ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| പ്രതീക്ഷിത വരവ് | 318007000.00 |
| ആകെ | 318007000.00 |
| പ്രതീക്ഷിത ചെലവ് | 317792000.00 |
| നീക്കിയിരിപ്പ് | 215000.00 |

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 25.5.2019 | ബാധകമല്ല | ബാധകമല്ല |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 41858162 |
| വരവ് | 125286874 |
| ആകെ | 167145036 |
| ചെലവ് | 128389694 |
| നീക്കിയിരിപ്പ് | 38755342 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 63376000 | 63376000 | 58357851 | 5018149 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 22879000 | 22879000 | 16167919 | 6711081 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 1730000 | 1730000 | 1730000 | 0 |
| മെയിന്റനൻസ്, നോൺറോഡ് | 0 | 7501000 | 7501000 | 7501000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (TSC) | | 258042 | 61126 | 319168 | 12330 | 306838 |
| സ്പെസിഫിക് പർപസ്-IWMP | | 0 | 2601457 | 2601457 | 719594 | 1881863 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | STSB account* | (-)431759.00 | 9267166 | 8835407 | 6612528 | 2,222,879.00 |
| ഹരിയാലി | | 264652 | 9385 | 274037 | 0 | 274037 |
| നബാർഡ് | | 170010 | 1713641 | 1883651 | 733823 | 1149828 |
| IAY | | 40071556 | 17644746 | 57716302 | 30832554 | 26883748 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 1366549 | 8860049 | 10226598 | 5373417 | 4853181 |

*ജോയിന്റ് വെൻച്വർ അക്കൗണ്ട് ട്രയൽ ബാലൻസ് പ്രകാരമാണ് ചേർത്തിട്ടുള്ളത്. ജില്ലാ , ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിൽ ലഭ്യമായ കണക്കുമായി (4-2ൽ ചേർത്തത്) പൊരുത്തപ്പെടുന്നില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 119 | 179136829 | 97 | 83756770 | - | 22 | 82% |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 55351950 | 11410850 | 20.62 |
| ക്ഷീരവികസന ഓഫീസർ / വെറ്ററിനറി സർജൻ | 5 | 4 | 7171960 | 1804246 | 25.16 |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 4075000 | 3875000 | 95.09 |
| സെക്രട്ടറി | 21 | 21 | 45839356 | 30828657 | 67.25 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 79 | 58 | 61783073 | 31534906 | 51.04 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 6 | 6 | 2925000 | 2482981 | 84.89 |
| ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ | 4 | 4 | 1990490 | 1820130 | 91.44 |
| ആകെ | 119 | 97 | 179136829 | 83756770 | 46.76 |

# 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 9.10.19 മുതൽ 19.10.19 വരെ | 2018-19 | 23.10.19 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.12.2014 മുതൽ 03.01.2015 വരെ | 2009-10 മുതൽ 2013-14 വരെ | AG (G&SE LDA (HQIV/8A-2237/14-15/371 dated 10.3.2015 | ഇല്ല |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 13.2.2020 ന് സ്ഥാപന തലവന്റെ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലെന്ന് ബോധ്യപ്പെട്ടു.

# 1-8 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയ അപാകതകൾ നിലനിൽക്കുന്നു.
ജോയിന്റ് വെഞ്ചർ അക്കൗണ്ടിന്റെ കണക്ക് കൃത്യമായി സൂക്ഷിച്ചിട്ടില്ല. ജോയിന്റ് വെഞ്ചർ അക്കൗണ്ടിന്റെ അപ്രൊപ്രിയേഷൻ തയ്യാറാക്കിയിട്ടില്ല. വാർഷിക കണക്കിലെ തുകകൾ ബ്ലോക്ക് പഞ്ചായത്തിലെ രേഖകളുമായി പൊരുത്തപ്പെടുന്നില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 പൊതുമരാമത്ത് മാനവൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്തിയില്ല - ബ്ലോക്ക് പഞ്ചായത്തിന് വരുമാന നഷ്ടം

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി2016-17, 2017-18എന്നീ വർഷങ്ങളിൽ അംഗീകാരം ലഭ്യമായതും തുടർന്ന് സ്പിൽ ഓവറായി 2018-19 വർഷത്തിൽ പൂർത്തീകരിച്ചതുമായ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തില്ല. കരാർ ദീർഘിപ്പിക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണെന്ന് പൊതുമരാമത്ത് മാന്വലിൽ വ്യക്തമാക്കിയിരിക്കെ, മാന്വലിൽ അനുശാസിക്കുന്ന തരത്തിലുള്ള തുടർനടപടികൾ സ്വീകരിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) അധികരിക്കാവുന്നതല്ല. പരമാവധി ദീർഘിപ്പിച്ച നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാനും പാടില്ല. ആദ്യത്തെ തവണ കാലാവധി ദീർഘിപ്പിക്കുന്നതിന് പി.എ.സി-യുടെ 1% തുകയും (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) ആദ്യതവണക്ക് ശേഷം പി.എ.സി-യുടെ 2% തുകയുമാണ് (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) പിഴയായി ചുമത്തേണ്ടത്. കരാർ കാലാവധി ദീർഘിപ്പിച്ച നൽകുന്നതിനായി കരാറുകാർ അപേക്ഷ നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ദീർഘിപ്പിക്കലിന് അനുമതി നൽകിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ഫയലിനോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ

അനുശാസിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നതിനു പകരം കാലഹരണപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് കരാർ ചമച്ചത്. ആകയാൽ എഗ്രിമെന്റിലെ നിബന്ധന 7 അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | PAC തുക | കാലാവധി | ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് |
|---|---|---|---|---|---|---|
| 1. | (51/17,63/18,124/19) ചാട്ടപ്പാറ- തിരിഞ്ഞിക്കോട് കുടിവെള്ള പദ്ധതി<br>കരാറുകാരൻ : എം.വിജയരാഘവൻ<br>എഗ്രിമെന്റ് നം.40/AEE/LSGD/NMA/16-17/dt.31-03-2017<br>പ്രവൃത്തിയുടെ കാലാവധി : 5 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 31-03-17<br>പൂർത്തീകരിച്ച തീയതി: 27-3-18<br>1)ബിൽ നം. 2/18-19 തീയതി :24/5/18<br>തുക 179386<br>2)മുൻ വർഷത്തെ ചെലവ് -373940 | 921974 | കുഴൽകിണർ കുഴിക്കുന്നതിന് സ്ഥലം നിജപ്പെടുത്തി 1-04-2017 മുതൽ 31-8-2017 വരെ – എക്സ്റ്റൻഷൻ അനുവദിച്ചു.<br>1-9-17 മുതൽ<br>29-11-17 വരെ 1% നിരക്കിൽ =9220<br>30-11-2017 മുതൽ 13-3-2018 വരെ 2% നിരക്കിൽ = 21307 | 30527 | 0 | 30527 |
| 2 | 104/19 (so50/18) ലില്ലി ചെക്ക് ഡാം നെല്ലിയാംപതി<br>കരാറുകാരൻ : കെ.ഉണ്ണികൃഷ്ണൻ<br>എഗ്രിമെന്റ് നം.45/AEE/LSGD/NMA/17-18/dt.26-12-2017<br>പ്രവൃത്തിയുടെ കാലാവധി : 96 ദിവസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 26-12-17<br>പൂർത്തീകരിച്ച തീയതി: 22-5-18 | 448914 | 1-4-2018 മുതൽ 19-4-2018 വരെ ഗ്രേസ് പിരിയഡ്<br>20-04-2018 മുതൽ<br>21-05-2018 വരെ<br>(32 ദിവസം) 1% പിഴ | 1596 | 0 | 1596 |

| | | | | | | |
|---|---|---|---|---|---|---|
| | 1)മുൻ വർഷം ചെലവ് – 207372<br><br>2)ബിൽ നം. 3/18-19 തീയതി :24/5/18 തുക 180163 | | | | | |
| 3 | 04/19(ടo50/18) തിരഞ്ഞക്കോട് sc കോളനി സമഗ്ര വികസനം- അയിലൂർ<br><br>കരാറുകാരൻ : വൈ.ഷാജി<br><br>എഗ്രിമെന്റ് നം.32/AEE/LSGD/NMA/17-18/dt.23-10-2017<br><br>പ്രവൃത്തിയുടെ കാലാവധി : 160 ദിവസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 23-10-17<br><br>പൂർത്തീകരിച്ച തീയതി: 10-5-18<br><br>1)ബിൽ നം. 4/18-19 തീയതി :24/7/18 തുക 348581 | 405720 | 1-4-2018 മുതൽ 2-5-2018 വരെ ഗ്രേസ് പിരിയഡ്<br><br>3-05-2018 മുതൽ<br><br>10-05-2018 വരെ<br><br>മിനിമം പിഴ | 600 | 0 | 600 |
| 4 | 101/19(ടo44/18) ഏലം സ്റ്റോർ dwssനെല്ലിയാംപതി<br><br>കരാറുകാരൻ : കെ.ജയപ്രകാശൻ<br><br>എഗ്രിമെന്റ് നം.33/AEE/LSGD/NMA/17-18/dt.30-12-2017<br><br>പ്രവൃത്തിയുടെ കാലാവധി : 91 ദിവസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 30-12-17<br><br>പൂർത്തീകരിച്ച തീയതി: 30-05-18<br><br>ബിൽ നം. 5/18-19 തീയതി :31/7/18 തുക 460467 | 448154 | 1-4-2018 മുതൽ 18-4-2018 വരെ ഗ്രേസ് പിരിയഡ്<br><br>19-04-2018 മുതൽ<br><br>30-05-2018 വരെ<br><br>(42 ദിവസം) 1% പിഴ | 2091 | 0 | 2091 |
| 5 | 117/19(ടo84/18) പയിറ്റാംകുന്നം ആലക്കൽതോട് റോഡ് മേലാർക്കോട് | 582178 | 1-4-2018 മുതൽ 2-5-2018 വരെ ഗ്രേസ് പിരിയഡ് | 1488 | 0 | 1488 |

| | | | | | | |
|---|---|---|---|---|---|---|
| | കരാറുകാരൻ : വൈ.ഷാജി<br>എഗ്രിമെന്റ് നം.30/AEE/LSGD/NMA/17-18/dt.23-10-2017<br>പ്രവൃത്തിയുടെ കാലാവധി : 160 ദിവസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 23-10-17<br>പൂർത്തീകരിച്ച തീയതി: 26-05-18<br>ബിൽ നം. 6/18-19 തീയതി :14/8/18 തുക 227401 | | 3-05-2018 മുതൽ<br>25-05-2018 വരെ<br>(23 ദിവസം) 1% പിഴ | | | |
| 6 | 114/19(s078/18) അയിലൂർ മേലെ അരിയക്കോട് റോഡ്<br>കരാറുകാരൻ : വി.മോഹൻദാസ്<br>എഗ്രിമെന്റ് നം.44/AEE/LSGD/NMA/17-18/dt.26-12-2017<br>പ്രവൃത്തിയുടെ കാലാവധി : 95ദിവസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 26-12-17<br>പൂർത്തീകരിച്ച തീയതി: 18-09-18<br>ബിൽ നം. 26/18-19 തീയതി:28/12/18 തുക 585794 | 585794 | 1-4-2018 മുതൽ 19-4-2018 വരെ ഗ്രേസ് പിരിയഡ്<br>20-04-2018 മുതൽ<br>18-07-2018 വരെ<br>1% പിഴ= 5857<br>19-07-2018 മുതൽ<br>17-09-2018 വരെ 61 ദിവസം<br>2% പിഴ= 7940 | 13797 | 0 | 13797 |
| 7 | 116/19(s081/18) കിളിയല്ലൂർ ലക്ഷംവീട് കോളനി കിണർ റിപ്പയർ<br>കരാറുകാരൻ : എം.വിജയരാഘവൻ<br>എഗ്രിമെന്റ് നം.03/AEE/LSGD/NMA/17-18/dt.11-10-2017<br>പ്രവൃത്തിയുടെ കാലാവധി : 172ദിവസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 11-10-17 | 482079 | 1-4-2018 മുതൽ 03-5-2018 വരെ ഗ്രേസ് പിരിയഡ്<br>4-05-2018 മുതൽ<br>20-06-2018 വരെ<br>(48 ദിവസം) 1% പിഴ | 2571 | 0 | 2571 |

| | | | | | | |
|---|---|---|---|---|---|---|
| | പൂർത്തീകരിച്ച തീയതി: 21-06-18<br><br>ബിൽ നം. 44/18-19 തീയതി :19/3/18 തുക 446833 | | | | | |
| 8 | 38/19(s096/18) പുത്തൻചള്ള എസ്.ടി.കോളനി DWSS<br><br>കരാറുകാരൻ : കാജാഹുസൈൻ<br><br>എഗ്രിമെന്റ് നം.46/AEE/LSGD/NMA/17-18/dt.30-12-2017<br><br>പ്രവൃത്തിയുടെ കാലാവധി : 91 ദിവസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 30-12-17<br><br>പൂർത്തീകരിച്ച തീയതി: 18-09-18<br><br>1)മുൻ വർഷം ചെലവ് -233935<br><br>2) ബിൽ നം. 1/18-19 തീയതി :24/5/18 തുക 166065<br><br>3)ബിൽ നം. 36/18-19 തീയതി :18/3/19 തുക 263075<br><br>4)ബിൽ നം. 46/18-19 തീയതി :28/2/19 തുക 68265 | 829139 | 1-4-2018 മുതൽ 18-4-2018 വരെ ഗ്രേസ് പിരിയഡ്<br><br>19-04-2018 മുതൽ<br><br>17-07-2018 വരെ<br><br>1% പിഴ = 8291<br><br>18-07-2018 മുതൽ<br><br>17-09-2018 വരെ 62 ദിവസം<br><br>2% പിഴ=17423 | 19714 | 0 | 19714 |
| 9 | 110/19(s061/18) കേലക്കോട് dwss എലവഞ്ചേരി ഗ്രാമ.പ.<br><br>കരാറുകാരൻ : ഫ്രാങ്ക്ലിൻ ജോസ്<br><br>എഗ്രിമെന്റ് നം.12/AEE/LSGD/NMA/17-18/dt.19-10-2017<br><br>പ്രവൃത്തിയുടെ കാലാവധി : 169 ദിവസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി : 19-10-17 | 490587 | 1-4-2018 മുതൽ 03-5-2018 വരെ ഗ്രേസ് പിരിയഡ്<br><br>4-05-2018 മുതൽ<br><br>1-08-2018 വരെ<br><br>1% പിഴ= 4906<br><br>2-08-2018 മുതൽ | 25184 | 0 | 25184 |

| | | | | | | |
|---|---|---|---|---|---|---|
| | പൂർത്തീകരിച്ച തീയതി: 04-02-19<br><br>1)മുൻ വർഷം ചെലവ് -428813<br><br>ബിൽ നം. 60/18-19 തീയതി :23/3/19 തുക 66413 | | 3-2-2019 വരെ 2% പിഴ= 20278 | | | |
| | | | ആകെ | | | 97568 |

കരാർ ദീർഘിപ്പിച്ച നൽകുന്നതിന് പിഴ ചുമത്തുന്ന രീതി 01.02.2012ലെ പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന തരത്തിലായിരുന്നു ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യേണ്ടിയിരുന്നത്. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന വിധമാണ് എഗ്രിമെന്റ് വയ്ക്കുന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( നം. 8 തീയതി 18.2.2020) ടി പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും പിഴ തുക ഈടാക്കി അടയ്ക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-10 കുഴൽകിണറുകളിൽ മോട്ടോറുകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്തി സ്റ്റേജ് നിശ്ചയിക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തിൽ അസി.എക്സി.എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി വിവിധ പഞ്ചായത്തുകളിൽ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം,പേര് | അടങ്കൽ | ചെലവ് | ബില്ലിന്റെ വിവരം |
|---|---|---|---|---|
| 1 | 103/2019(49/17-18)- കയറാടി കല്ലംപറമ്പ് dwss അയിലൂർ | 500000 | 467904 | 1)മുൻ വർഷം ചെലവ് തുക87005<br><br>2).18/2018-19 തിയതി-18-12-18 തുക380899 |
| 2 | 62/2019 നെല്ലിക്കപ്പൊറ്റ കുടിവെള്ള പദ്ധതി | 500000 | 441374 | 1)22/2018-19 തിയതി-18-12-18 തുക203002<br><br>2) 68/2018-19 തിയതി-27-03- |

| | | | | |
|---|---|---|---|---|
| | | | | 19 തുക238372 |
| 3 | 62/2019 കാരക്കാട്ട്പറമ്പ് പതിയപ്പടി dwss അയിലൂർ | 500000 | 290179 | 1)മുൻ വർഷം ചെലവ് തുക 66349<br>2) 67/2018-19 തിയതി-27-03-19 തുക223830 |
| 4 | 101/2019(44/2017-18) ഏലം സ്റ്റോർ dwss | 500000 | 460467 | 5/2018-19 തിയതി-31-07-18 തുക460467 |
| 5 | 133/2019 ചെറുമണിക്കാട് കുടിവെള്ള പദ്ധതി | 750000 | 543671 | 1). 21/2018-19 തിയതി-18-12-18 തുക182162<br>2) 39/2018-19 തിയതി-19-03-19 തുക361509 |
| 6 | 112/2019(71/18) കൊട്ടേക്കാട് കുടിവെള്ള പദ്ധതി-മേലാർക്കോട് | 500000 | 429732 | 1) മുൻവർഷം ചെലവ് തുക 87908<br>2).57/2018-19 തിയതി-19-03-19 തുക341824 |
| 7 | 127/2019 പൊൻകണ്ടം കുടിവെള്ള പദ്ധതി-വണ്ടാഴി | 500000 | 439382 | 1).13/2018-19 തിയതി-29-11-18 തുക 111547<br>2).51/2018-19 തിയതി-19-03-19 തുക327835 |
| 9 | 57/2019 വേലത്തുംപാറ കുടിവെള്ള പദ്ധതി- | 500000 | 343132 | 1).20/2018-19 തിയതി-18-12-18 തുക 175597<br>2).53/2018-19 തിയതി-19-03-19 തുക167535 |
| 10 | 110/2019(61/17-18)- കേലക്കോട് dwss എലവഞ്ചേരി | 600000 | 459226 | 1)മുൻ വർഷം ചെലവ് തുക428813<br>2).60/2018-19 തിയതി-23-03-19 തുക66413 |
| 11 | 55/2019 പടിഞ്ഞാറെക്കാട് കുടിവെള്ള പദ്ധതി-വണ്ടാഴി | 500000 | 440175 | 1).17/2018-19 തിയതി-29-11-18 തുക 112380 |

| | | | | |
|---|---|---|---|---|
| | | | | 2).50/2018-19 തിയതി-19-03-19 തുക327795 |
| 12 | 93/2019 കരിങ്കുളം കുന്നകാട് കുടിവെള്ള പദ്ധതി-അയിലൂർ | 500000 | 460455 | 1).19/2018-19 തിയതി-18-12-18 തുക 196197<br>2).47/2018-19 തിയതി-19-03-19 തുക264258 |

കുടിവെള്ള പദ്ധതിക്കായി ബോർവെൽ കുഴിച്ച്, മോട്ടോർ സ്ഥാപിക്കൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ വർക്കുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയിൽ മോട്ടോർ സ്ഥാപിക്കുന്നതിന് ഒരു HP ക്ക് 15886.33രൂപ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മോട്ടോറുകൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി കുഴൽകിണറിലെ ജലലഭ്യതാ ടെസ്റ്റ് (യീൽഡ് ടെസ്റ്റ്) നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് സ്റ്റേജ് നിശ്ചയിച്ചുവേണം മോട്ടോറുകൾ സ്ഥാപിക്കേണ്ടത് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല . മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വില സ്റേറജ് അനുസരിച്ച് മാറുമെന്നതിനാൽ മോട്ടോറിന്റെ ഹോഴ്സ് പവർ നിശ്ചയിക്കുന്നതിന് yield test ഒഴിച്ചുകൂടാനാവാത്തതാണ് .

<u>മേൽ വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന സംഗതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.</u>

1. കുടിവെള്ള പദ്ധതികളിലെ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുന്ന വേളകളിൽ പഴയ മോട്ടോറുകൾ തിരികെ ലഭ്യമാക്കി സ്റ്റോക്കിലെടുക്കേണ്ടതും റിപ്പയർ ചെയ്യാൻ ആവുന്നവ പ്രവർത്തന സജ്ജമാക്കി പുനരുപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. യീൽഡ് ടെസ്റ്റ് നടത്തി സ്റേറജിനനുസൃതമായ മോട്ടോറുകൾ സ്ഥാപിക്കാൻ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

3. കൃത്യമായ ഇടവേളകളിൽ കുടിവെള്ള പദ്ധതികളിലെ ജലം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി ശുദ്ധത ഉറപ്പാക്കേണ്ടതുണ്ട്.

4. ജലത്തിനായി കുഴൽ കിണറുകളെ അമിതമായി ആശ്രയിക്കുക നിമിത്തം ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന് പോവുന്നതിന് ഇടവരുമെന്നതിനാൽ പരമ്പരാഗതമായ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ഭൂഗർഭ ജലനിരപ്പ് റീചാർജ്ജ് ചെയ്യുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്.

# 1-11 പദ്ധതി ഫണ്ട് ഉത്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് ഉപയോഗിക്കുന്നത്

# ഒഴിവാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ ഉദ്ഘാടനത്തിനും അനാച്ഛാദന ഫലകം സ്ഥാപിക്കുന്നതിനുമായി പദ്ധതി ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ ഉദ്ഘാടന ചെലവ് പദ്ധതി ഫണ്ടിൽ നിന്നും നൽകാവുന്നതല്ല. ഇത്തരം ഇനങ്ങൾക്കുള്ള ചെലവ് അസാധാരണ ചെലവായി (ചട്ടം 3(1)-ix – പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിന്) അക്കൗണ്ട് ചെയ്ത് തനത് ഫണ്ടിൽ നിന്നും നൽകുന്നതിനു പകരം പദ്ധതി ഫണ്ടിൽ നിന്നും അനുവദിച്ച നടപടി ക്രമപ്രകാരമല്ല. പദ്ധതി മാർഗ്ഗരേഖയിൽ പ്രവൃത്തിയുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തിയുള്ള ഒരു ബോർഡ് പ്രവൃത്തി നടക്കുന്ന സ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചിട്ടുമില്ല. ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേരു വിവരം | ഉദ്ഘാടന ചെലവ് | അടങ്കൽ | ചെലവ് | ബിൽനം,തിയതി |
|---|---|---|---|---|---|
| 1 | 103/2019(49/17-18)-കയറാടി<br>കല്ലംപറമ്പ് dwss അയിലൂർ | 5000 | 500000 | 467904 | 1)മുൻ വർഷം ചെലവ് തുക87005<br>2).18/2018-19 തിയതി-18-12-18 തുക380899 |
| 2 | 62/2019 നെല്ലിക്കപ്പൊറ്റ<br>കുടിവെള്ള പദ്ധതി | 4850 | 500000 | 441374 | 1)22/2018-19 തിയതി-18-12-18 തുക203002<br>2) 68/2018-19 തിയതി-27-03-19 തുക238372 |
| 3 | 62/2019 കാരക്കാട്ട്പറമ്പ്<br>പതിയപ്പടി dwss അയിലൂർ | 5000 | 500000 | 290179 | 1)മുൻ വർഷം ചെലവ് തുക 66349<br>2) 67/2018-19 തിയതി-27-03-19 തുക223830 |
| 4 | 101/2019(44/2017-18) ഏലം<br>സ്റ്റോർ dwss | | 500000 | 460467 | 5/2018-19 തിയതി-31-07-18 തുക460467 |
| 5 | 133/2019 ചെറുമണിക്കാട്<br>കുടിവെള്ള പദ്ധതി | 4850 | 750000 | 543671 | 1). 21/2018-19 തിയതി-18-12-18 തുക182162<br>2) 39/2018-19 തിയതി-19-03-19 തുക361509 |
| 6 | 112/2019(71/18) കൊട്ടേക്കാട് | 4500 | 500000 | 429732 | 1).മുൻവർഷം തുക 87908 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി-മേലാർക്കോട് | | | | 2). 57/2018-19 തിയതി-19-03-19 തുക341824 |
| 7 | 127/2019പൊൻകണ്ടം കുടിവെള്ള പദ്ധതി വണ്ടാഴി | 4500 | 500000 | 439382 | 1).13/2018-19 തിയതി-29-11-18 തുക 111547<br>2). 51/2018-19 തിയതി-19-03-19 തുക327835 |
| 8 | 57/2019 വേലത്തുംപാറ കുടിവെള്ള പദ്ധതി- | 4500 | 500000 | 343132 | 1).20/2018-19 തിയതി-18-12-18 തുക 175597<br>2).53/2018-19 തിയതി-19-03-19 തുക167535 |
| 9 | 110/2019(61/17-18)-കേലക്കോട് dwss എലവഞ്ചേരി | 4500 | 600000 | 495226 | 1)മുൻ വർഷം ചെലവ് തുക428813<br>2).60/2018-19 തിയതി-23-03-19 തുക66413 |
| 10 | 55/2019 പടിഞ്ഞാറെക്കാട് കുടിവെള്ള പദ്ധതി-വണ്ടാഴി | 4500 | 500000 | 440175 | 1).17/2018-19 തിയതി-29-11-18 തുക 112380<br>2).50/2018-19 തിയതി-19-03-19 തുക327795 |
| 11 | 93/2019 കരിങ്കുളം കുന്നകാട് കുടിവെള്ള പദ്ധതി-അയിലൂർ | 4200 | 500000 | 460455 | 1).19/2018-19 തിയതി-18-12-18 തുക 196197<br>2).47/2018-19 തിയതി-19-03-19 തുക264258 |
| | ആകെ | 46400 | | | |

പ്ലാൻ ഫണ്ട് ഉത്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് ഉപയോഗിക്കരുതെന്ന വ്യക്തമായ നിർദ്ദേശം ഉണ്ടായിട്ടും മേൽപറഞ്ഞ പ്രകാരം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.16 തിയതി 19-02-2020) ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഇനിയുള്ള പ്രവൃത്തികളിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി നടക്കുന്ന സ്ഥലത്ത് കരാറുകാരന്റേയും എഞ്ചിനിയറുടേയും പേർ സഹിതം പ്രവൃത്തി സംബന്ധിച്ച മുഴുവൻ വിവരങ്ങളും വ്യകതമായി രേഖപ്പെടുത്തിയ ബോർഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി സ്ഥാപിക്കേണ്ടതും, ഉദ്ഘാടന ചെലവുകൾ തനതുഫണ്ടിൽ നിന്നും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-12 കെട്ടിടനിർമ്മാണ പ്രവൃത്തികളിൽ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്ര പദ്ധതികളായി വിഭാവനം ചെയ്ത് നടപ്പാക്കേണ്ടതാണ്

94/18പ്ലാസ്റ്റിക് സംസ്കരണ കേന്ദ്രം -നെന്മാറ

അടങ്കൽ - 1515000 -വികസന ഫണ്ട് ജനറൽ

ചെലവ്- 1503493

ബിൽ നം.10/2018-18 തിയതി 29-10-18

കരാറുകാരൻ- സി.വിജയരാഘവൻ

എഗ്രിമെന്റ് നം.43/aee/lsgd/nma/17-18 date 23-12-17

നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയ പ്രവൃത്തിയാണിത്. എസ്റ്റിമേറ്റിൽ കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഉപയുക്തമാക്കാൻ കഴിയുംവിധം എല്ലാ ഘടകങ്ങളും ഉൾപ്പെടുത്താത്തതിനാൽ പൂർത്തീകരണത്തിനായി 2019-2020 ൽ വീണ്ടും പുതിയ പ്രൊജക്ട് വച്ച് തുക നൽകിയിട്ടുണ്ട്. (29/20- മാലിന്യ സംഭരണശാല പൂർത്തീകരണം, അടങ്കൽ 1650000). ആദ്യഘട്ടത്തിൽ താഴത്തെ നിലയുടെ തേപ്പ്, നിലം പണി, പെയ്ന്റിംഗ്, ജന്നൽപ്പാളികൾ എന്നിവ ഒഴിവാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. മതിയായ ഫണ്ട് ലഭ്യമല്ലാത്തപക്ഷം ഇത്തരം പദ്ധതികൾ ബഹുവർഷ പദ്ധതിയായി അംഗീകാരം വാങ്ങി നടപ്പാക്കുന്നതിനു പകരം ഓരോ വർഷവും പുതിയ ഏകവർഷ പദ്ധതിയായി നടപ്പിലാക്കുന്നത് പാഴ് ചെലവിനും സമയനഷ്ടത്തിനും ഇടയാക്കുമെന്നതിനാൽ ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്. കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതികളിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംങ് ഉൾപ്പെടെയുള്ള എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി സമഗ്ര പദ്ധതികളായി നടപ്പിലാക്കണമെന്ന മാർഗ്ഗരേഖ നിർദ്ദേശം ( സ.ഉ. (കൈ) നം. 11/2018/ തസ്വഭവ തീയതി 21.1.2018 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ ഖണ്ഡിക 3.5.1 – (9) ) ശ്രദ്ധിക്കേണ്ടതാണ്.

## 1-13 സ്പിൽഓവർ പ്രൊജക്റ്റ്- സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പൂർത്തീകരിക്കാതെ തുടരുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ (ജി.ഒ.എം.എസ് നം.72/2017/ത.സ്വ.ഭ. തിയതി.29/03/2017) ഖ.6.8 (2), സ.ഉ. (കൈ)നം.11/2018 ത.സ്വ.ഭ.വ തിയതി. 29.1.2018 എന്നിവപ്രകാരം ഒരു സ്പിൽഓവർ പ്രൊജക്റ്റ്, സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.പഞ്ചായത്ത് ഭരണാനുമതി ലഭിച്ചതും 2017-18 വർഷത്തിൽ അസി. എക്സി.എഞ്ചിനിയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി വിഭാവനം ചെയ്തശേഷം സ്പിൽ ഓവറായതുമായ താഴെ പറയുന്ന പ്രൊജക്ടുകൾ 2018-19 സാമ്പത്തികവർഷത്തിലും പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം,പദ്ധതിയുടെ പേര് | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 1 | 100/19 വീട്ടിക്കൽ കടവ് കുടിവെള്ള പദ്ധതി | 17467 | വികസനഫണ്ട് (ജനറൽ) |
| 2 | 102/19 ചാട്ടിയോട് കുടിവെള്ള പദ്ധതി നെന്മാറ | 754486 | വികസനഫണ്ട് (ജനറൽ) |
| 3 | 107/19 ഇടപ്പാടം നീലംകോട് കുടിവെള്ള പദ്ധതി അയിലൂർ | 359147 | വികസനഫണ്ട് (ജനറൽ) |
| 4 | 111/19 കോക്കോട് കോളനി കുടിവെള്ള പദ്ധതി നെന്മാറ | 373300 | വികസനഫണ്ട് (scp) |
| 5 | 119/19 ചെമ്മന്തോട് കുടിവെള്ള പദ്ധതി നെന്മാറ | 804090 | വികസനഫണ്ട് (ജനറൽ) |

2017-18 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത മേൽപറഞ്ഞ പദ്ധതികൾ 2018-19 സാമ്പത്തിക വർഷത്തിലും പൂർത്തീകരിക്കാതെ തുടരുന്നത് ആശാസ്യമല്ല. ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം. 8 തിയതി18-02-2020) മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-14 ടെന്ററർ ഫോറം ഇനത്തിൽ ലഭിച്ച തുക 431094 ബ്ലോക്ക് പഞ്ചായത്തിന് കൈമാറാൻ അവശേഷിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ ഇ- ടെൻഡർ ചെയ്യപ്പെടുമ്പോൾ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ നെന്മാറ എസ്.ബി.ഐ യിൽ 00000033514373918 നമ്പറായി ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഈ ഇനത്തിൽ ലഭിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള തനതുഫണ്ടിലേക്ക്

കൈമാറണമെന്നിരിക്കെ ആയത് ട്രാൻസ്ഫർ ചെയ്യാത്തതിനാൽ 14.02.2019 ന് നീക്കിയിരുപ്പായി 431094 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 18 തീയതി 19.2.2020) ലഭ്യമാക്കിയ മറുപടിയിൽ ആയത് ഉടൻ കൈമാറുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-15 ഇഷ്ടിക നിർമ്മാണ യൂണിറ്റിന് വിഹിതം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം - 24/19- ലൈഫ് മിഷൻ വീടുകൾക്കുള്ള സിമന്റ് ഇഷ്ടിക നിർമ്മാണ യൂണിറ്റ്

അടങ്കൽ – 300000 (പ്ലാൻ ജനറൽ)

ചെലവ് – 300000

ബിൽ നമ്പർ - 55/29.1.19

നിർവഹണം - സെക്രട്ടറി

ലൈഫ് മിഷൻ പദ്ധതി അനുസരിച്ച് നിർമ്മിക്കുന്ന വീടുകൾക്കുള്ള സിമന്റ് ഇഷ്ടിക നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുന്നതിനായി എലവഞ്ചേരി ഗ്രാമപഞ്ചായത്തിന് വിഹിതം നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി ഫയലിൽ സൂക്ഷിച്ചിട്ടുള്ള എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്ട്, കത്ത് എന്നിവ പ്രകാരം കുടുംബശ്രീയുടെ ബ്രിക്സ് യൂണിറ്റ് നിർമ്മാണയൂണിറ്റിനായി ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി ഉയർത്തുന്നതിന് കെ.എസ്.ഇ.ബി നിർദ്ദേശിച്ച പ്രകാരം തുക ഒടുക്കുന്നതിനാണ് ഗ്രാമപഞ്ചായത്ത് പദ്ധതി രൂപീകരിച്ചതും ബ്ലോക്കിൽ നിന്നുള്ള വിഹിതം വിനിയോഗിച്ചതും. തൊഴിലുറപ്പുപദ്ധതി പ്രകാരമുള്ള യൂണിറ്റിനായല്ല ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചത്. ബ്രിക്സ് യൂണിറ്റ് നിർമ്മാണം കുടുംബശ്രീ ജില്ലാമിഷനും ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും സംയുക്തമായി ആരംഭിച്ച പദ്ധതിയാണ് എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള യൂണിറ്റിനായി രൂപീകരിച്ച പദ്ധതി കുടുംബശ്രീ യൂണിറ്റിന് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അനുവദിച്ചത് ക്രമപ്രകാരമല്ല.

2018-19 വർഷത്തെ പദ്ധതി മാർഗരേഖ (G.O(p)11/18/lsgd/29.1.18 ) ഖണ്ഡിക 3.5.4 ൽ 4 പ്രകാരം സംയുക്ത പ്രൊജക്ടിൽ മുഖ്യ പങ്കാളിയാകുന്ന തദ്ദേശ ഭരണസ്ഥാപനം വിശദമായ പ്രൊജക്ട് തയ്യാറാക്കുകയും മറ്റുള്ളവരിൽ നിന്നും വിഹിതം കൈപ്പറ്റുകയുമാണ് ചെയ്യേണ്ടത്. കൂടാതെ പ്രൊജക്ടിൽ പങ്കാളികളാകുന്ന തദേശസ്ഥാപനങ്ങൾ തമ്മിൽ പദ്ധതി ആരംഭിക്കുന്നതിന് മുൻപ് കരാറിൽ ഏർപ്പെടേണ്ടതുമാണ്. മേൽ വ്യവസ്ഥകളൊന്നും നിർവഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല. അനുവദിച്ച തുക 3 ലക്ഷം രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറിക്ക് (6/17.2.19) മറുപടിയായി എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും വിവരം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി പ്രകാരം അനുവദനീയമായ പ്രവൃത്തികൾക്ക് മാത്രമാണ് വിഹിതമായി നൽകിയ പദ്ധതിതുക ഗ്രാമപഞ്ചായത്ത് വിനിയോഗിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ കുട്ടികളുടെ പാർക്ക് നിർമ്മിക്കൽ പദ്ധതി - നടപടിക്രമം പാലിച്ചില്ല

പ്രൊജക്ട് നം. - 126/19 - നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് പുലയമ്പാറയിൽ കുട്ടികളുടെ പാർക്ക് നിർമ്മിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 1500000 (പ്ലാൻ)

ചെലവ് - 1500000

ബിൽ നമ്പർ - 50/11.1.19

നെല്ലിയാമ്പതി പുലയമ്പാറയിൽ കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിനുള്ള പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 15 ലക്ഷം രൂപ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന് 11.1.19 ന് കൈമാറിയിട്ടുണ്ട്. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി (189/19) പ്രകാരം 15 ലക്ഷം രൂപ ബ്ലോക്ക് വിഹിതവും 2 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും ചേർത്ത് ആകെ 17 ലക്ഷം രൂപയാണ് പദ്ധതി അടങ്കൽ. സംയുക്തപദ്ധതികൾക്കുള്ള മാർഗരേഖ (G.O(P)7/17/Fin/ 23.1.17 ) പ്രകാരം സാമ്പത്തിക വർഷം അവസാനിക്കുന്നതിനകം (മാർച്ച് 31നകം) ചെലവഴിക്കാനാവാത്ത തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. എന്നാൽ 2018-19 വർഷം നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ഡെപ്പോസിറ്റ് തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. 2018-19 വർഷത്തെ പദ്ധതി മാർഗരേഖ ( G.O(p)11/18/lsgd/29.1.18 ) ഖണ്ഡിക 3.5.4 ൽ 4 പ്രകാരം സംയുക്ത പ്രൊജക്ടിൽ മുഖ്യ പങ്കാളിയാകുന്ന തദ്ദേശ ഭരണസ്ഥാപനം വിശദമായ പ്രൊജക്ട് തയ്യാറാക്കുകയും മറ്റുള്ളവരിൽ നിന്നും വിഹിതം കൈപ്പറ്റുകയുമാണ് ചെയ്യേണ്ടത്. കൂടാതെ പ്രൊജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ പദ്ധതി ആരംഭിക്കുന്നതിന് മുൻപ് കരാറിൽ ഏർപ്പെടേണ്ടതുമാണ്. പാർക്ക് നിർമ്മാണ പദ്ധതിയുടെ അടങ്കലിന്റെ (17 ലക്ഷം ) 88% വും ബ്ലോക്ക് പഞ്ചായത്താണ് വകയിരുത്തിയത് എങ്കിലും ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പിലാക്കാതെ ഗ്രാമപഞ്ചായത്തിന് തുക നൽകുകയാണ് ചെയ്തത്. ഗ്രാമപഞ്ചായത്തുമായി കരാർ ഒപ്പുവെച്ചിട്ടില്ല. പദ്ധതി നടപ്പിലാക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത, എസ്റ്റിമേറ്റ് തുടങ്ങിയ വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടുമില്ല. ഓഡിറ്റ്

എൻക്വയറിക്ക് (11/18.2.19) മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും പദ്ധതി തുക വിനിയോഗിച്ചിട്ടില്ലെങ്കിൽ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 റോഡ് നിർമ്മാണ പദ്ധതികൾക്ക് വിഹിതം നൽകൽ - നടപടിക്രമം പാലിച്ചില്ല

ഗ്രാമപഞ്ചായത്തുകളിൽ റോഡ് നിർമ്മാണത്തിനായി താഴെ പറയും പ്രകാരം പദ്ധതി തുക ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതമായി നൽകിയിട്ടുണ്ട്.

1. ചിറ്റിലഞ്ചേരി അരകുന്നി ശിവക്ഷേത്രം റോഡ് (137/19)

അടങ്കൽ - 560000 (പ്ലാൻ-ജ)

ചെലവ് - 560000

ബിൽ നമ്പർ - 32/23.10.18
നിർവ്വഹണം – സെക്രട്ടറി

പദ്ധതി പ്രകാരം 560000 രൂപ മേലാർകോട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 308/19 നമ്പർ പ്രൊജക്ടിനുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായാണ് തുക നൽകിയത്. ഗ്രാമപഞ്ചായത്തിന്റെ 660000 രൂപ അടങ്കലുള്ള പ്രസ്തുത പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതം 100000 രൂപ മാത്രമാണ്. 560000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമാണ്. 2018-19 വർഷത്തെ പദ്ധതി മാർഗരേഖ (G.O(p)11/18/lsgd/29.1.18) ഖണ്ഡിക 3.5.4 ൽ 4 പ്രകാരം സംയുക്ത പ്രൊജക്ടിൽ മുഖ്യ പങ്കാളിയാകുന്ന തദ്ദേശഭരണ സ്ഥാപനം വിശദമായ പ്രൊജക്ട് തയ്യാറാക്കുകയും മറ്റുള്ളവരിൽ നിന്നും വിഹിതം കൈപ്പറ്റുകയുമാണ് ചെയ്യേണ്ടത്. കൂടാതെ പ്രൊജക്ടിൽ പങ്കാളികളാകുന്ന തദേശ സ്ഥാപനങ്ങൾ തമ്മിൽ പദ്ധതി ആരംഭിക്കുന്നതിന് മുൻപ് കരാറിൽ ഏർപ്പെടേണ്ടതുമാണ്. മേൽ വ്യവസ്ഥകളൊന്നും നിർവഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല. സംയുക്ത പദ്ധതികൾക്കുള്ള മാർഗരേഖ (G.O(P)7/17/Fin / 23.1.17) പ്രകാരം സാമ്പത്തിക വർഷം അവസാനിക്കുന്നതിനകം (മാർച്ച് 31നകം) ചെലവഴിക്കാനാവാത്ത തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. എന്നാൽ പദ്ധതിതുക ഗ്രാമപഞ്ചായത്ത് 31-3-19 നകം ചെലവഴിച്ചോ എന്ന് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുകയോ പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യുകയോ വിനിയോഗ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2. തെക്കുമ്പുറം ചീനാപ്പുഴ റോഡ് (146/19)

അടങ്കൽ - 500000 (പ്ലാൻ-ജ)

ചെലവ് - 500000

ബിൽ നമ്പർ - 27/24.9.18

പദ്ധതി പ്രകാരം 500000 രൂപ മേലാർകോട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകൾ തമ്മിൽ നിയമാനുസൃതം കരാർ ചമച്ചിട്ടില്ല. പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യുകയോ വിനിയോഗ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (12/18.2.19) മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. പദ്ധതി തുക വിനിയോഗിച്ചിട്ടില്ലെങ്കിൽ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 സ്വകാര്യ സ്ഥാപനത്തിന് കെട്ടിട നിർമ്മാണത്തിന് പദ്ധതിതുക അനുവദിച്ചത് ക്രമപ്രകാരമല്ല

പ്രൊജക്ട് നം. - 18/19- എലവഞ്ചേരി സയൻസ് സെന്ററിന് ടോയ്‌ലെറ്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 500000 (പ്ലാൻ)

ചെലവ് - 500000

ബിൽ നമ്പർ - 27/24.9.18-

എലവഞ്ചേരി സയൻസ് സെന്ററിന് ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനായി പദ്ധതി തുക എലവഞ്ചേരി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 119/19-സയൻസ് സെന്റർ ലാടിൻ ബ്ലോക്ക് - എന്ന പദ്ധതി പ്രകാരമാണ് തുക നൽകിയത്. സ്വകാര്യ ട്രസ്റ്റിന്റെ അധീനതയിലുള്ള എലവഞ്ചേരി സയൻസ് സെന്ററിന് ഭൗതിക സൗകര്യം ഒരുക്കുന്നതിനായാണ് പദ്ധതി ഫണ്ട് അനുവദിച്ചത്. വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്ക് സൗജന്യമായി പരിശീലനം നൽകി ജോലിക്ക് പ്രാപ്തരാക്കുന്ന സ്ഥാപനത്തിന്റെ കെട്ടിടത്തിനാണ് എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ആവശ്യാനുസരണം ബ്ലോക്ക് വിഹിതം നൽകിയത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (3/17.2.20) മറുപടി നൽകിയിട്ടുള്ളത്. എലവഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസ്തുത പദ്ധതിക്കായി ഫണ്ട് വകയിരുത്തിയിട്ടില്ല. 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത പദ്ധതിക്കായി ലഭിച്ച ബ്ലോക്ക് വിഹിതം ചെലവഴിച്ചിട്ടുമില്ല. സംയുക്ത പദ്ധതികൾക്കുള്ള മാർഗരേഖ (G.O(P)7/17/Fin/23.1.17) പ്രകാരം

സാമ്പത്തിക വർഷം അവസാനിക്കുന്നതിനകം (മാർച്ച് 31നകം) ചെലവഴിക്കാനാവാത്ത തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതായിരുന്നു.

2018-19 വർഷത്തെ പദ്ധതി മാർഗരേഖ (G.O(p)11/18/lsgd/29.1.18) ഖണ്ഡിക 3.5.4 ൽ 4 പ്രകാരം സംയുക്ത പ്രൊജക്ടിൽ മുഖ്യ പങ്കാളിയാകുന്ന തദ്ദേശഭരണ സ്ഥാപനം വിശദമായ പ്രൊജക്ട് തയ്യാറാക്കുകയും മറ്റുള്ളവരിൽ നിന്നും വിഹിതം കൈപ്പറ്റുകയുമാണ് ചെയ്യേണ്ടത്. കൂടാതെ പ്രൊജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ പദ്ധതി ആരംഭിക്കുന്നതിന് മുൻപ് കരാറിൽ ഏർപ്പെടേണ്ടതുമാണ്. മേൽ വ്യവസ്ഥകളൊന്നും നിർവഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല. സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കാതെയാണ് പദ്ധതി തുക സ്വകാര്യ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയോ കൈമാറികിട്ടിയ സ്ഥാപനങ്ങളുടെയോ ആസ്തി അല്ലാത്ത - സ്വകാര്യ ട്രസ്റ്റിന്റെ അധീനതയിലുള്ള - സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് പദ്ധതി ഫണ്ട് അനുവദിച്ചത് ക്രമപ്രകാരമല്ലാത്തതിനാൽ പദ്ധതിക്കായി കൈമാറിയ 500000 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്ത് പദ്ധതി തുക വിനിയോഗിച്ചിട്ടില്ലെങ്കിൽ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 പുല്ലുകാട് എസ്.ടി കോളനി വൈദ്യുതി എത്തിക്കൽ പദ്ധതി

പ്രൊജക്ട്- പുല്ലുകാട് എസ്.ടി കോളനി വൈദ്യുതി എത്തിക്കൽ

പ്രൊജക്ട് നം - 153/19

അടങ്കൽ / ചെലവ് - 1076860 (TSP)

ബിൽ നമ്പർ - 71/21.3.19 -

പ്രൊജക്ട് നമ്പർ 41/19 പ്രകാരം പുല്ലുകാട് എസ്.ടി.കോളനിയിൽ സോളാർ ലാമ്പുകൾ സ്ഥാപിക്കൽ എന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിരുന്നുവെങ്കിലും എം. പാനൽ ചെയ്ത ഏജൻസികളൊന്നും പദ്ധതി നടപ്പിലാക്കാൻ തയ്യാറാകാത്തതിനാൽ 4.2.19 ലെ ഭരണസമിതി തീരുമാനം 1(1) പ്രകാരം പ്രസ്തുത പദ്ധതി ഉപേക്ഷിക്കാനും പകരം പുല്ലുകാട് എസ്.ടി കോളനി വൈദ്യുതി എത്തിക്കൽ എന്ന പുതിയ പദ്ധതി അടങ്കൽ തുകയിൽ (1076860) മാറ്റം വരുത്താതെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 6.3.19 ന് കെ.എസ്.ഇ.ബി. എക്സി. എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കി പദ്ധതി ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 21.3.19 ന് കെ.എസ്.ഇ.ബി, നെല്ലിയാമ്പതി നൽകിയ കത്തിൽ എസ്റ്റിമേറ്റ് തുകയായ 3890000 രൂപ ഡെപ്പോസിറ്റ് ചെയ്യണമെന്നും വനത്തിലൂടെ ലൈൻ നിർമ്മിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ തുക പല തവണകളായാണ് ഡെപ്പോസിറ്റ് ചെയ്യുന്നതെങ്കിൽ പൂർണ്ണ തുക 18-19 ൽ ഡെപ്പോസിറ്റ് ചെയ്തശേഷം മാത്രമേ പ്രവർത്തി ആരംഭിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. മേൽ വസ്തുതകളൊന്നും കണക്കാക്കാതെ ബ്ലോക്ക് പഞ്ചായത്ത്

ഏകവർഷ പദ്ധതിയായി അംഗീകരിച്ച പദ്ധതിയുടെ ആകെ അടങ്കൽ തുക-1076860 രൂപ മാത്രം കെ.എസ്.ഇ.ബി യുടെ അക്കൗണ്ടിലേക്ക് 21.3.19 ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

വനം വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. പദ്ധതിക്കാവശ്യമായ തുക പൂർണ്ണമായി കണ്ടെത്താതെയാണ് നിലവിൽ ലഭ്യമായ തുക വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചത്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് KSEB, KWA എന്നിവയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് പദ്ധതി മാർഗ്ഗരേഖയിൽ (G.O(Ms)11/18/21.1.18 ലെ ഖണ്ഡിക11.2.D) വ്യവസ്ഥയുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെടാതെയാണ് തുക നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റ് തുക പൂർണ്ണമായും ഒടുക്കാത്തതിനാൽ വൈദ്യുതി ബോർഡ് നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടുമില്ല. അതിനാൽ പദ്ധതി ഫണ്ട് നിഷ്ക്രിയ നിക്ഷേപമായി കെ.എസ്.ഇ.ബിയുടെ അക്കൗണ്ടിൽ നിലനിൽക്കുന്നു. എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ പൂർണ്ണ തുക ഉൾപ്പെടുത്തുകയോ ബഹുവർഷ പദ്ധതിയാക്കി ഭേദഗതി ചെയ്യുകയോ ചെയ്യാതെ അടങ്കൽ തുക 1076860 കെ.എസ്.ഇ. ബിയിൽ ഒടുക്കിയത് ക്രമപ്രകാരമല്ല.

ഓഡിറ്റ് എൻക്വയറി (3/17.2.19) നുള്ള മറുപടിയിൽ 21.3.19 നാണ് എസ്റ്റിമേറ്റ് ലഭ്യമായത് എന്നും അതിനാൽ ലഭ്യമായ എസ്.ടി ഫണ്ട് 1076860 രൂപ ഡെപ്പോസിറ്റ് ചെയ്തതാണെന്നും 2019-20 ൽ ബാലൻസ് തുക നൽകിയശേഷം കരാറിൽ ഏർപ്പെടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി ഫണ്ട് ചെലവഴിക്കുന്നതിനും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവഹണത്തിനും പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കാതെ പദ്ധതി തുക വൈദ്യുതി ബോർഡിന് മുൻകൂറായി അനുവദിച്ചത് ക്രമപ്രകാരമല്ല. ചെലവ് തുകയായ 1076860 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. അപാകതകൾ പരിഹരിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

# 1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് - നെന്മാറ സി.എച്ച്.സി.യിലെ ക്വാർട്ടേഴ്സിൽ കുടിവെള്ള കണക്ഷൻ

പ്രോജക്ട് നം - 67/19

അടങ്കൽ – 200000 (പ്ലാൻ)

ചെലവ് – 107000

ബിൽ നമ്പർ - 9/19.9.18- 107000

നിർവഹണം - സൂപ്രണ്ട്, CHC, Nemmara

പ്രൊജക്ട് പ്രകാരം 107000 രൂപ പദ്ധതി ഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തിയായതിന്റെ വിവരവും വിനിയോഗ സാക്ഷ്യപത്രവും

നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവഹണം മോണിറ്റർ ചെയ്യേണ്ടതും കരാർ കാലാവധിക്കകം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നു എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതുമാണ്. പ്രവൃത്തി പൂർത്തിയായ ശേഷം ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതുമാണ്.

# 1-21 പി.എം.എ.വൈ പദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്

1.പ്രൊജക്ട് – PMAY (gl) -3/19

അടങ്കൽ – 10010257

നിർവ്വഹണം – സെക്രട്ടറി

ചെലവ്

| ബിൽ നം | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 3/23.5.19 | 905000 | 12 |
| 6/12.6.18 | 1973000 | 22 |
| 8/19.6.18 | 1170000 | 15 |
| 10/22.6.18 | 504000 | 7 |
| 13/29.6.18 | 568000 | 8 |
| 16/17.7.18 | 417000 | 7 |
| 17/20.7.18 | 473000 | 8 |
| 21/13.8.18 | 367000 | 8 |
| 26/7.9.18 | 620000 | 10 |
| 30/29.9.18 | 710000 | 12 |
| 34/23.10.18 | 487000 | 8 |
| 37/9.11.18 | 212000 | 3 |
| 42/17.12.18 | 587200 | 16 |
| 64/26.2.19 | 722000 | 14 |
| 65/25.2.19 | 150000 | 3 |
| 69/18.3.19 | 145057 | 4 |

(2) പ്രൊജക്ട് നം. – 4/18-19

അടങ്കൽ – 2558200 (SCP)

ചെലവ് – 1734560

ഐ.എ.വൈ/ലൈഫ്, 2016-17, 2017-18 വർഷങ്ങളിലെ പി.എം.എ.വൈ പദ്ധതികളിൽ ഉൾപ്പെട്ടതും നിർമ്മാണം പൂർത്തിയാക്കാത്തവരുമായ ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതിക്ക് ആനുപാതികമായ തുക നൽകുന്നതിനായി 2018-19 ൽ 2 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചവരിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| PMAYവർഷം | ഗുണഭോക്താവ് | രജിസ്റ്ററിലെ പേജ് നം | കൈപ്പറ്റിയ ആകെ തുക |
|---|---|---|---|
| 2016-17 | റജീന.എ പോത്തുണ്ടി | 7 | 298000 |
| ‘‘ | രുഗ്മിണി മുടപ്പല്ലൂർ | 25 | 321000 |
| ‘‘ | പത്മാവതി.എം. പല്ലശ്ശന | 36 | 320000 |
| ‘‘ | ചന്ദ്രിക.വി പല്ലശ്ശന | 38 | 319128 |
| ‘‘ | സത്യഭാമ അയിലൂർ | 44 | 300000 |
| ‘‘ | നാരായണൻ അയിലൂർ | 46 | 248000 |
| ‘‘ | ഫൗസിയ കയറാടി | 50 | 246230 |
| ‘‘ | ഷക്കീന പാറക്കൽ ഹൗസ് | 56 | 360977 |
| ‘‘ | സലീന.കെ കയറാടി | 68 | 300000 |
| ‘‘ | കൃഷ്ണൻകുട്ടി എലവഞ്ചേരി | 186 | 280000 |
| 2017-18 | ചന്ദ്രൻ മുടപ്പല്ലൂർ | 25 | 380000 |
| ‘‘ | ഇസ്മായൽ ഒലിപ്പാറ | 29 | 377000 |
| ‘‘ | ഓമന പോത്തുണ്ടി | 36 | 296000 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| ‘‘ | കല്യാണ് പല്ലശ്ശന | 47 | 376000 |
| ‘‘ | തങ്കമണി തിരുവഴിയാട് | 55 | 380000 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ10/18.2.19). തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 സ്വയംതൊഴിൽ സംരംഭം -1.25 ലക്ഷം രൂപ അധിക സബ്സിഡിഡി നൽകി

പ്രൊജക്ട് - സ്വയംതൊഴിൽ സംരംഭം -42/19

അടങ്കൽ - 500000 (പ്ലാൻ -ജനറൽ)

ചെലവ് - 250000

ബിൽ നമ്പർ - 67/14.3.19 – 250000

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

മെഷിനറി ഉപയോഗിച്ച് ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ തുടങ്ങുവാൻ 50% സബ്സിഡി പരമാവധി 1.25 ലക്ഷം രൂപ നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി പ്രകാരം 2018-19ൽ വിജയ ബാങ്ക് വണ്ടാഴിക്ക് 2,50,000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. അമ്പിളി അരിമാവ് യൂണിറ്റിനാണ് 250000 രൂപ സബ്സിഡി നൽകിയത്. 448260 രൂപയാണ് വിജയ ബാങ്കിൽ നിന്നുള്ള ലോൺ എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലോൺ അനുവദിച്ചതിന്റെയും യൂണിറ്റ് പ്രവർത്തനം നടത്തുന്നത് സംബന്ധിച്ചുമുള്ള രേഖകളൊന്നും (പ്രൊജക്ട് റിപ്പോർട്ട്, വ്യവസായ വികസന ഓഫീസറുടെ റിപ്പോർട്ട്, യൂണിറ്റിന്റെ ബാങ്ക് പാസ് ബുക്ക്, മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയവ) ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അംഗീകരിച്ച പ്രൊജക്ട് പ്രകാരം അനുവദിക്കാവുന്ന പരമാവധി സബ്സിഡി ഒരു യൂണിറ്റിന് 1.25 ലക്ഷം രൂപയാണ് എന്നിരിക്കെ 250000 രൂപ അമ്പിളി യൂണിറ്റിന് നൽകിയിട്ടുണ്ട്. അതിനാൽ 1.25 ലക്ഷം രൂപ പ്രസ്തുത യൂണിറ്റിന് അധിക സബ്സിഡി നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി- 9/18.2.19 ന് മറുപടിയായി പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥൻ വ്യവസായ വികസന ഓഫീസറാണ് എന്നും സെക്രട്ടറി ബിൽ മാറി നൽകുക മാത്രമാണ് ചെയ്തത് എന്നും വ്യവസായ വികസന ഓഫീസറിൽ നിന്നും വിവരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നുമാണ് സെക്രട്ടറി അറിയിച്ചത്. എന്നാൽ അംഗീകരിച്ച പ്രൊജക്ട് പ്രകാരം സെക്രട്ടറിയാണ് നിർവഹണ ഉദ്യോഗസ്ഥൻ. പദ്ധതി തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ഗുണഭോക്താവിന് അനുവദിച്ചിട്ടുള്ളതും സെക്രട്ടറിയാണ്.

പ്രൊജക്ട് പ്രകാരം അനുവദിക്കാവുന്ന പരമാവധി തുകയേക്കാൾ അധികം സബ്സിഡി ഗുണഭോക്തൃയൂണിറ്റിന് നൽകിയത് അംഗീകരിക്കാവുന്നതല്ല. അമ്പിളി അരിമാവ് യൂണിറ്റിന് അധികം നൽകിയ സബ്സിഡി തുക- 1.25 ലക്ഷം രൂപ - തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-23 ലൈഫ് പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

ലൈഫ് പദ്ധതിക്ക് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനുള്ള പദ്ധതി പ്രകാരം താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി ഫണ്ട് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിന്റെയും തുക വിനിയോഗിച്ചതിന്റെയും രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.
നിർവ്വഹണം – സെക്രട്ടറി

ലൈഫ് (ജനറൽ )–

പ്രൊജക്ട് നമ്പർ – 1/19

ഒരു ഗുണഭോക്താവിന് 6650 രൂപ നിരക്കിൽ തുക നൽകുന്ന

| ബിൽ നമ്പർ | ഗ്രാമപഞ്ചായത്ത് | തുക |
|---|---|---|
| 19/31.7.18 – ₹6423900 | നെന്മാറ | 1263500 |
| | വണ്ടാഴി | 944300 |
| | മേലാർകോട് | 871150 |
| | അയിലൂർ | 1389850 |
| | എലവഞ്ചേരി | 1044050 |
| | പല്ലശ്ശന | 911050 |
| 54/17.1.19 | അയിലൂർ | 252925 |
| | നെന്മാറ | 252925 |

2.ലൈഫ് (ടി.എസ്.പി) –145/19

അടങ്കൽ – 224000

ചെലവ് – 224000

ബിൽ നമ്പർ – 41/4.12.18

പദ്ധതി തുക വണ്ടാഴി ഗ്രാമപഞ്ചായത്തിനാണ് നൽകിയത്. 10.10.19 ന് 184000 രൂപ ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം വണ്ടാഴി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാലൻസ് തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3. ലൈഫ് (എസ്.സി.പി) -2/19

അടങ്കൽ - 2349274

ഒരു ഗുണഭോക്താവിന് 24656 രൂ നിരക്കിലാണ് വിഹിതം അനുവദിച്ചിട്ടുള്ളത്.

| ബിൽ നമ്പർ | ഗ്രാമപഞ്ചായത്ത് | തുക |
|---|---|---|
| 20/31.7.18-1134176 | എലവഞ്ചേരി | 24656 |
| “ | അയിലൂർ | 172592 |
| “ | മേലാർകോട് | 73968 |
| “ | പല്ലശ്ശന | 221904 |
| “ | വണ്ടാഴി | 443808 |
| “ | നെന്മാറ | 197248 |
| 53/17.1.19 | പല്ലശ്ശന | 276158 |
| “ | വണ്ടാഴി | 552317 |
| “ | നെന്മാറ | 386623 |
| 57/4.2.19 | എലവഞ്ചേരി | 43460 |
| “ | അയിലൂർ | 65190 |
| “ | മേലാർകോട് | 65190 |
| “ | പല്ലശ്ശന | 130380 |
| “ | വണ്ടാഴി | 217270 |
| “ | നെന്മാറ | 152110 |

ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി തുക വിനിയോഗിച്ച് ഭവന നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം / വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് പദ്ധതി ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം മുൻകൂർതുക നൽകിയിട്ടുണ്ട്. സെക്രട്ടറി നിർവഹണം നടത്തിയ പ്രസ്തുത പദ്ധതികളുടെ വിനിയോഗ രേഖകൾ / സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രൊജക്ട് നമ്പ്ര | ബിൽ നമ്പർ | അടങ്കൽ തുക | ചെലവ് | കരാർ തിയതി |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | നെല്ലിച്ചോട് കുടിവെള്ള | 125/19 | 40/3.12.18 | 500000 | 500000 | 30.11.18 |

| | | | | | | |
|---|---|---|---|---|---|---|
| പാലക്കാട് | പദ്ധതി | | | | | |
| PWD | ചെമ്മന്തോട് ടിവെള്ള പദ്ധതി | 149/19 | 61/15.2.19 | 115000 | 114532 | (റോഡ് കട്ടിംഗിനുള്ള തുക) |

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവഹണം മോണിറ്റർ ചെയ്യേണ്ടതും കരാർ കാലാവധിക്കകം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നു എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതുമാണ്. പ്രവൃത്തി പൂർത്തിയായ ശേഷം ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതുമാണ്.

# 1-25 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് നാളിതുവരെ പ്രവർത്തനക്ഷമമായില്ല

പ്ലോജക്ട് – പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്

പ്രൊജക്ട് നം. - 13/18-19-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 982943 (പ്ലാൻ)

ചെലവ് - 982943

ബിൽ നമ്പർ - 12/30.6.18

പദ്ധതി പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻവലിച്ച് ക്ലീൻ കേരള കമ്പനിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. 31.5.18 ന് ക്ലീൻ കേരളയുമായി ബ്ലോക്ക് പഞ്ചായത്ത് കരാറിൽ ഒപ്പുവച്ചിട്ടുമുണ്ട്. കരാർ പ്രകാരം ഷ്രെഡ്ഡിംഗ് മെഷീൻ, മെഷീൻ, എന്നീ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനാണ് തുക നൽകിയിട്ടുള്ളത്.

6.9.18 ന് കെട്ടിടം നിർമ്മാണത്തിനുള്ള (37/19 നമ്പർ പ്രൊജക്ട്) പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ 22.1.20 ന് മാത്രമാണ് കെട്ടിടനിർമ്മാണം പൂർത്തിയായി എന്നും ഉപകരണങ്ങൾ സ്ഥാപിക്കാവുന്നതാണ് എന്നും ക്ലീൻ കേരള കമ്പനിയെ അറിയിച്ചിട്ടുള്ളത്.

8.1.20 ന് ക്ലീൻ കേരള കമ്പനി ഉപകരണങ്ങളുടെ വില ഉയർന്നതായും കൂടിയ നിരക്കിൽ മാത്രമേ സപ്ലൈ ചെയ്യുവാൻ കഴിയുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.

കരാർ പ്രകാരമുള്ള നിരക്കും 8.1.20 ലെ കത്ത് പ്രകാരമുള്ള നിരക്കും താഴെ ചേർക്കുന്നു.

| ഇനം | 5/18 ലെ ഇൻവോയ്സ് പ്രകാരമുള്ള നിരക്ക് | 8.1.20 ലെ കത്ത് പ്രകാരമുള്ള നിരക്ക് |
|---|---|---|
| ഷ്രെഡ്ഡിംഗ് മെഷീൻ (15 HP) | 453772 | നിരക്ക് വളരെയധികം ഉയർന്നതിനാൽ |

| | | |
|---|---|---|
| | | ക്ലീൻ കേരള കമ്പനി അംഗീകാരത്തിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട് എന്നാണ് കത്തിൽ സൂചിപ്പിച്ചിട്ടുള്ളത് |
| ബെയിലിംഗ് മെഷീൻ(7.5 HP) | 463571 | 530000 |
| ഡസ്റ്റ് റീമൂവർ | ഉൾപ്പെടുത്തിയിട്ടില്ല | 240000 |
| ഇൻസ്റ്റലേഷൻ | 24600 | - |
| സൂപ്പർവിഷൻ (1 വർഷം) | 41000 | - |

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിനുള്ള കെട്ടിടം നിർമ്മാണം -പൂർത്തീകരണം എന്ന പദ്ധതി 2018-19 വർഷത്തിലാണ് അംഗീകരിച്ച് നടപ്പിലാക്കുന്നത്. കെട്ടിട നിർമ്മാണത്തിന് മുൻപ് പദ്ധതിഫണ്ട് പിൻവലിച്ച് ഉപകരണം വാങ്ങുന്നതിന് ക്ലീൻകേരള കമ്പനിക്ക് മുൻകൂറായി നൽകിയത് ക്രമപ്രകാരമല്ല. പദ്ധതി മാർഗരേഖ, ധനവിനിയോഗ മാർഗനിർദേശങ്ങൾ (G.O(P)177/2006/Fin & G.O(P)119/2015/Fin 21.3.15)എന്നിവയിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് 2 വർഷങ്ങൾക്ക് മുൻപ് പദ്ധതി ഫണ്ട് ക്ലീൻ കേരള കമ്പനിയ്ക്ക് മുൻകൂറായി നൽകിയത്.

കരാർ വ്യവസ്ഥ പ്രകാരം 3 Phase electric Connection ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. നിലവിൽ 3 ഫേസ് കണക്ഷൻ ലഭ്യമായിട്ടില്ല ഓഡിറ്റ് എൻക്വയരിക്ക് - മറുപടിയായി നിലവിൽ ഫ്ലോറിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായതായി അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങളുടെ വില ഉയരുന്നതുമായി ബന്ധപ്പെട്ട് അധികബാധ്യത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് സംസ്കരിക്കുന്നതിനാണ് യൂണിറ്റ് നിർമ്മിക്കുന്നത് എന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി ഭൗതിക സാഹചര്യങ്ങൾ പര്യാപ്തമാണെന്ന് ഉറപ്പുവരുത്തിയശേഷം മാത്രം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി - 13/18.2.20-ന് മറുപടി ലഭ്യമായില്ല)

# 1-26 പഠനമുറി-നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് | 29/18-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| [illegible] | [illegible] |

| | |
|---|---|
| അടങ്കൽ | 4000000 വികസന ഫണ്ട്-എസ് സി പി |
| ചെലവ് | 3800000 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

ബ്ലോക്ക് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ 20എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 200000 രൂപ സബ്സിഡി നൽകി പഠന നിലവാരം ഉയർത്തുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പ്രകാരം 50000, 100000, 50000 എന്നിങ്ങനെ പ്രവൃത്തിയുടെ പുരോഗതിയനുസരിച്ച് 3 ഗഡുക്കളായാണ് ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യേണ്ടത്. താഴെ പറയുന്ന ഗുണഭോക്താക്കൾ 2 ഗഡു തുക കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | ബിൽ നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | കൃഷ്ണദാസ്, പുത്തൻവീട്, വിത്തനശ്ശേരി | 1/23.10.18 | 50000 |
| | | 2/10.12.18 | 100000 |
| 2 | വിനോഷ് കുമാർ, കരിമ്പാറ, അയിലൂർ | 1/23.10.18 | 50000 |
| | | 2/10.12.18 | 100000 |

ഓഡിറ്റ് എൻക്വയറിക്ക് (നം.4/17.2.2020) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണം പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-27 ഭിന്നശേഷിക്കാർക്കായുള്ള സ്കോളർഷിപ്പ് പദ്ധതി നൽകിയ തുകകളുടെ വിനിയോഗവിവരം ഉറപ്പു വരുത്തിയിട്ടില്ല

പ്രോജക്ട് നം.- 26/19

അടങ്കൽ -1185490

ചെലവ് -1185490 (ട്രഷറി ബില്ലുകൾ- 2/31.08.18-200000, 4/29.10.18-465490,7/27.12.18-520000)

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 7 ഗ്രാമപഞ്ചായത്തുകളുടെ "ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / ബത്ത നൽകൽ" സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറുന്നതിനും അതു വഴി ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

രേഖകൾ പ്രകാരം 6 ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് സംയുക്ത പ്രോജക്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ആകെ **11,85,490** രൂപ വികസനഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ മേലാർകോട്, അയിലൂർ ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് തുകയുടെ വിനിയോഗവിവരം അറിയിച്ചിട്ടുള്ളത്. മറ്റു പഞ്ചായത്തുകളിൽ നിന്നും വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| **പഞ്ചായത്ത്** | **കൈമാറിയ തുക** | **ചെലവഴിച്ച തുക** | **ബാക്കി തുക** |
|---|---|---|---|
| നെന്മാറ | 3,65,490 | വിനിയോഗവിവരം ലഭ്യമല്ല. | |
| എലവഞ്ചേരി | 1,00,000 | | |
| പല്ലശ്ശന | 1,00,000 | | |
| വണ്ടാഴി | 2,60,000 | | |
| അയിലൂർ | 2,60,000 | 252825 | 7175 |
| മേലാർകോട് | 1,00,000 | 1,00,000 | 0 |
| | **11,85,490** | | |

ഇത് സംബന്ധിച്ച് നം **2 / 12.02.2020** ഓഡിറ്റ് അന്വേഷണം നൽകിയതിന് അയിലൂർ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള 5 ഗ്രാമപഞ്ചായത്തുകളും അനുവദിച്ച തുക മുഴുവനായും ഉപയോഗിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അയിലൂർ ഗ്രാമപഞ്ചായത്തിൽ ബാക്കിയുള്ള 7175 രൂപ 2019-20 സാമ്പത്തിക വർഷത്തിൽ ചേർത്ത് ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും നെമ്മാറ, എലവഞ്ചേരി, പല്ലശ്ശന, വണ്ടാഴി ഗ്രാമപഞ്ചായത്തുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതായും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്, എന്നാൽ ഓഡിറ്റ് കാലയളവിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള നെന്മാറ, എലവഞ്ചേരി, പല്ലശ്ശന, വണ്ടാഴി ഗ്രാമപഞ്ചായത്തുകളുടെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നെന്മാറ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതിക്കായി ലഭ്യമാക്കിയ തുകകൾ വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഇപ്പോഴും നിലനിൽക്കുന്നതായി കാണുന്നു.

| **ഗ്രാമപഞ്ചായത്ത്** | **ലഭ്യമായ തുക** | **വിനിയോഗിച്ച തുക** | **നീക്കിയിരുപ്പ്** |
|---|---|---|---|

| | | | |
|---|---|---|---|
| നെന്മാറ | 365490 | 77990 | 287500 |
| വണ്ടാഴി | 260000 | 257400 | 2600 (മുൻവർഷത്തെ 134848 രൂപ കൂടി ചെലവഴിക്കാതെ അവശേഷിക്കുന്നു.) |
| എലവഞ്ചേരി | 100000 | 100000 | 0 |
| പല്ലശ്ശന | 100000 | 83100 | 16900 |

ആയതിനാൽ കൃത്യമായ ധനവിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിനിയോഗിക്കാൻ കഴിയാത്ത തുകകൾ തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 08.07.2019 മുതൽ 09.07.2019 വരെ | നം.കെ.എസ്.എ-പികെഡി.21/969/2019(8) തീ26-8-2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2017-18 ൽ ട്രഷറി അക്കൗണ്ടിൽ നിന്നും സർക്കാർ കുറവ് ചെയ്ത തുക- Redemption – 8897166 രൂപ 2018-19 ൽ തിരികെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. സംയുക്തപ്രൊജക്ടുകൾക്ക് അപ്രോപ്രിയേഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല .വാർഷികകണക്കുമായി പൊരുത്തപ്പെടുന്നുമില്ല. ലഭ്യമായ വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് താഴെ പറയുന്ന പട്ടിക ചേർത്തിട്ടുള്ളത്.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 2750212 | PMAY (TSP) | 641500 | 2108712 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 4191060 | PMAY- Gen | 209000 | 3982060 |
| ബ്ലോക്ക് പഞ്ചായത്ത് | | 1524135 | PMAY-SCP | 5457028 | -3932893 |
| വണ്ടാഴി ഗ്രാമ പഞ്ചായത്ത് | 2018-19 | 140000 | PMAY- Gen | 140000 | 0 |
| വണ്ടാഴി | | 90000 | PMAY- SC | 25000 | 65000 |
| മേലാർകോട് | | 140000 | PMAy- Gen | 140000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് പദ്ധതി ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം മുൻകൂർ തുക നൽകിയിട്ടുണ്ട്. സെക്രട്ടറി നിർവഹണം നടത്തിയ പ്രസ്തുത പദ്ധതികളുടെ വിനിയോഗ രേഖകൾ / സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രൊജക്ട് നമ്പ്ര | ബിൽ നമ്പർ | തുക | ചെലവ് |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി പാലക്കാട് | നെല്ലിച്ചോട് കുടിവെള്ള പദ്ധതി | 125/19 | 40/3.12.18 | 500000 | വിനിയോഗ വിവരം ലഭ്യമായില്ല |
| PWD | ചെമ്മന്തോട് കുടിവെള്ള പദ്ധതി | 149/19 | 61/15.2.19 | 114532 | |
| KSEB | പുല്ലകാട് എസ്.സി കോളനി വൈദ്യുതി | 153/19 | 71/21.3.19 | 1076860 | -ടി- |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-1 | 2017-18 | അധ്യായം-4 | അനുകരണീയ മാതൃകകൾ-എവർഗ്രീൻ വനിതാ ലേബർ ബാങ്ക് | സമിതി വിഷയം പരിഗണിച്ചിട്ടില്ല |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 167145036 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 128389694 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 222568 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1876860 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

**<u>ഭാഗം 1 ലെ ഖണ്ഡികകളിൽ പരാമർശിച്ച വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 1-9 | | 97568 | ശ്രീ.മനോജ്കുമാർ .സി.ബി അസി. എക്സി. എഞ്ചിനീയർ |
| 1-22 | | 125000 | ശ്രീ.കെ. ശശികുമാർ സെക്രട്ടറി |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 300000 | ശ്രീ.കെ. ശശികുമാർ, സെക്രട്ടറി |
| 1-18 | 500000 | ശ്രീ.കെ. ശശികുമാർ, സെക്രട്ടറി |
| 1-19 | 1076860 | ശ്രീ.കെ. ശശികുമാർ, സെക്രട്ടറി |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഒന്നുമില്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഒന്നുമില്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ. ശശികുമാർ<br>സെക്രട്ടറി | JBDO<br>നെന്മാറ ബ്ലോക്ക് പഞ്ചായത്ത് | പുല്ലാറോഡ് ഹൗസ്<br>എത്തന്നൂർ പി.ഒ<br>കൊടുവായൂർ<br>പാലക്കാട്-<br>678502 |
| ശ്രീ.മനോജ്കുമാർ.സി.ബി<br>അസി. എക്സി. എഞ്ചിനീയർ | താനൂർ ബ്ലോക്ക് പഞ്ചായത്ത്<br>മലപ്പുറം | അമ്പാടി ഹൗസ്<br>പൊന്നുകെട്ടിയപ്പാറ<br>കൊല്ലങ്കോട്<br>പാലക്കാട്-678506 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP10/1121/01/31.10.01 | 6 (1995-96 മുതൽ 1997-98 വരെ) |
| 1997-98 | LFP10/993/02/12.11.12 | - |
| 1998-99 | LFP6/785/05/16.6.06 | - |
| 1999-00 | LFP8/1840/08/7.6.10 | - |
| 2000-01 | LFP8/1841/08/7.6.10 | 15 |
| 2001-02 | LFP13/198/05/16.12.05 | 3 |
| 2002-03 | LFP8/1843/08/6.9.10 | 4 |
| | [illegible] | |

| | | |
|---|---|---|
| 2003-04 | LFP8/1843/08/6.9.10 | 4 |
| 2004-05 | LFP8/1844/08/6.9.10 | 4 |
| 2005-06 | LFP8/1272/11/7.2.12 | 3 |
| 2006-07 | LFP8/1290/11/ 2.2.12 | 3 |
| 2007-08 | LFP8/1290/11(1)/3.2.12 | 0 |
| 2008-09 | LFP8/2057/12/31.12.12 | 0 |
| 2009-10<br>2010-11 | LFP8/786/13/31.12.13 | 14 |
| 2011-12 | LFP8/2242/14/9.4.15/6.6.15 | 17 |
| 2012-13,<br>2013-14,<br>2014-15 | കെ.എസ്.എ-പി.കെ.ഡി/8-229/16<br>തീയതി-04-04-2016 | 14 |
| 2015-16 | കെ.എസ്.എ-പി.കെ.ഡി/8-338/17<br>തീയതി-10-04-2017 | 4 |
| 2016-17 | കെ.എസ്.എ-പി.കെ.ഡി/8-2098/17 തീയതി 21.11.2017 | 5 |
| 2017-18 | കെ.എസ്.എ-പി.കെ.ഡി25/788/19 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-പികെഡി21/967/2019(8)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ **നെന്മാറ ബ്ലോക്ക്പഞ്ചായത്തിന്റെ** 31-3-2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **നെന്മാറ ബ്ലോക്ക്പഞ്ചായത്തിന്റെ** 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം</u>

<u>ന്യൂനതകളുടെ സംഗ്രഹം</u>

1) മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-4 പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിട്ടുള്ള തുകയുടെ നീക്കിയിരിപ്പും ഷെഡ്യൂൾ RP-40(b) പ്രകാരം ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-21/967/2019(8)

Kerala State Audit Department

District Audit Office,Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

## **Certificate**

Certified that I have examined the Annual Financial Statement of **Nemmara Block Panchayat** for the year ended on 31-3-2019 in Palakkad District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion, the Financial Statement of **Nemmara Block Panchayat** for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Senior Deputy Director

## Annexure

### Abstract Defects/Discrepancies

1. Advance Register not maintained properly.

2. The balance amounts of funds received for the purpose of Joint venture projects in B-4 Schedule of balance sheet is not in agreement with the closing balance of Joint venture account as per RP-40(b) schedule

Senior Deputy Director

# അനുബന്ധം-2 പത്രികകൾ

| | | | |
|---|---|---|---|
| RECEIPT&PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 41858162.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 130000000 | Rental income from Panchayat Properties | RP-3 | 5500.00 |
| 140000000 | Fees & User Charges | RP-4 | 3355.00 |
| 150000000 | Sale & Hire Charges | RP-5 | 358619.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 88334854.00 |
| 171000000 | Interest Earned | RP-9 | 27634.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 21687769.00 |
| 350000000 | Other Liabilities | RP-36 | 218551.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 15588.00 |
| 340000000 | Deposits Received | RP-34 | 220115.00 |
| 350000000 | Other Liabilities | RP-36 | 466.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 14414423.00 |
| | **Grand total** | | **167145036.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 1954845.00 |
| 220000000 | Administrative Expenses | RP-12 | 837038.00 |
| 230000000 | Operations & Maintenance | RP-13 | 494063.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 13950751.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 48046596.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4414596.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1027805.00 |
| 255000000 | Maintenance Projects | RP-20 | 12863134.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000000.00 |
| 280000000 | Prior Period item | RP-26 | -378904.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 20677391.00 |
| | | | |
| 350000000 | Other Liabilities | RP-36 | 1097753.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 46852.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 71238.00 |
| 410000000 | Fixed Assets | RP-38 | 11980294.00 |
| 412000000 | Capital work in Progress | RP-40 | 9923294.00 |
| 460000000 | Loans, Advances and Deposits | RP-47 | 382948.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 38755342.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **167145036.00** |

| **INCOME & EXPENDITURE STATEMENT** | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 40850.00 |
| 140000000 | Fee & User Charges | I-4(b) | 3355.00 |
| 150000000 | Sale & Hire Charges | I-5(b) | 358619.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 85914722.00 |
| 171000000 | Interest Earned | I-8 | 27634.00 |
| 180000000 | Other Income | I-9 | 15588.00 |
| | **Total Income** | | **86360768.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 1954845.00 |
| 220000000 | Administrative Expenses | I-11(b) | 843143.00 |
| 230000000 | Operations & Maintenance | I-12(b) | 494063.00 |
| 240000000 | Interest & Finance Charges | I-13 | 46852.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 14001993.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 48040491.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5414386.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1027805.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 60000.00 |
| 255000000 | Maintenance Projects | I-14(e) | 12863134.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| | **Total Expenditure** | | **85746712.00** |
| | **Gross Surplus/ Deficit of income over Expenditure** | | **614056.00** |
| 280000000 | Prior Period Item | I-18 | -386944.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **1001000.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| **BALANCE SHEET** | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 7132429.00 |
| 312000000 | Reserves | B-3 | 173861954.00 |
| | **Total Reserve & Surplus** | | **180994383.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 32835110.00 |
| | | | |

| | | | |
|---|---|---|---|
| | **Total Grants, Contributions for Specific Purposes** | | **32835110.00** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 222313.00 |
| 350000000 | Other Liabilities | B-9 | 101058.00 |
| | **Total Current Liabilities and Provisions** | | **323371.00** |
| | **TOTAL LIABILITIES** | | **214152864.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 167668739.00 |
| 412000000 | Capital Work in Progress | B-11(a) | 6193215.00 |
| | **Total Fixed Assets** | | **173861954.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1000000.00 |
| | **Total Investments** | | **1000000.00** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 14893.00 |
| 450000000 | Cash and Bank Balance | B-17 | 38755342.00 |
| 460000000 | Loans, Advances and Deposits | B-18 | 520675.00 |
| | **Total Current Assets, Loans and Advances** | | **39290910.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **214152864.00** |